## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 6342

08.07.2014 - ൽ
മറുപടിയ്ക്ക്

## എ.ആർ സബ് ഇൻസ്പെക്ടർമാരുടെ തസ്തികകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) കേരളാ പോലീസ് ആംഡ് റിസർവ്വുകളിലെ എല്ലാ യൂണിറ്റുകളിലുമായി ആകെ എത്ര സബ് ഇൻസ്പെക്ടർമാരുടെ തസ്തികകൾ നിലവിൽ ഒഴിഞ്ഞു കിടക്കുന്നു എന്നുള്ള വിവരം ജില്ലാ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ; | (എ), | ജില്ലാ ആംഡ് റിസർവ്വുകളിലെ റിസർവ്വ് സബ് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ സംബന്ധിച്ചുള്ള വിവരം റേഞ്ച് ഐ.ജി മാരിൽ നിന്നും ശേഖരിച്ചു വരികയാണ്. പ്രസ്തുത ഒഴിവുകളുടെ എണ്ണം ലഭ്യമായാലുടൻ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം റിസർവ്വ് സബ് ഇൻസ്പെക്ടർ തസ്തികയിലെ 17 NJD ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) ഇതിൽ എത്ര ഒഴിവുകൾ നാളിതുവരെ കേരളാ പബ്ലിക് സർവ്വീസ് കമ്മിഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നുള്ള വിവരം ജില്ലാ അടിസ്ഥാനത്തിൽ അറിയിക്കുമോ ; | (ബി), | |
| (സി) റിപ്പോർട്ട് ചെയ്തിട്ടില്ലായെങ്കിൽ ആയതിന്റെ കാരണം ലഭ്യമാക്കുമോ ; | (സി) & | |
| (ഡി) കേരളാ പോലീസ് ആംഡ് റിസർവ്വുകളിലെ എല്ലാ യൂണിറ്റുകളിലുമായി ഈ സർക്കാരിന്റെ കാലത്ത് റിട്ടയർമെന്റ് വഴി എത്ര സബ് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ ഉണ്ടായിട്ടുണ്ടെന്നും അതിൽ എത്രയെണ്ണം പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അറിയിക്കുമോ ; പ്രസ്തുത ഒഴിവുകൾ നാളിതുവരെ റിപ്പോർട്ട് ചെയ്തിട്ടില്ലായെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ ? | (ഡി) | |

സെക്ഷൻ ഓഫീസർ